പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4819 — 27.06.2014-ലെ മറുപടിക്ക്

ക്ഷീരകർഷക ക്ഷേമനിധിയിൽ പ്രതിമാസം ചെലവഴിക്കുന്ന തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശശി : | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമനിധിയിൽ അംശദായം ആയി പ്രതിമാസം എത്ര രൂപയാണ് ലഭിക്കുന്നത്; | (എ) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംശാദായ ഇനത്തിൽ പ്രതിമാസം 1 കോടി എൺപത് ലക്ഷം രൂപ ലഭിക്കുന്നു. |
| (ബി) ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ, കുടുംബപെൻഷൻ, മറ്റ് സഹായങ്ങൾക്കായി പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം ക്ഷീരകർഷക പെൻഷൻ ഇനത്തിൽ രണ്ട് കോടി രൂപയിലധികവും, കുടുംബപെൻഷൻ ഇനത്തിൽ നാലര ലക്ഷത്തോളം രൂപയും മറ്റു ധനസഹായ ഇനങ്ങളിൽ ആറര ലക്ഷത്തോളം രൂപയും നൽകി വരുന്നു. |
| (സി) 2013-2014 ൽ ക്ഷീരകർഷക ക്ഷേമനിധിയുടെ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ എത്ര രൂപാ സർക്കാർ ധനസഹായം നൽകിയെന്നും 2014-15 ലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | (സി) | കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'ക്ഷീര സുരക്ഷ' നടപ്പിലാക്കുന്നതിന് 2013-2014 സാമ്പത്തികവർഷം അമ്പത് ലക്ഷം രൂപയും, ക്ഷീരകർഷക പെൻഷൻ തുക 300 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിലേയ്ക്കായി 2013-2014 സാമ്പത്തിക വർഷം 4.2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധിയുടെ സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'ക്ഷീര സുരക്ഷ' നടപ്പിലാക്കുന്നതിന് 2014-2015 സാമ്പത്തികവർഷം അമ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ